എന്നാണു് മനസ്സിലാക്കുന്നതു്. അതുകൊണ്ടു് കാളേജിൽ സംസ്കൃതം നിർബന്ധവിഷയമാക്കുക അതുപോലെ സൗകര്യം നൽകാൻ ഗവണ്മെന്റു് മുതിരുമോ ? അല്ലെങ്കിൽ കാളേജിൽ ഇതിനു് കൂടികൂടി ഇല്ലാത്ത വിഷമം നേരിടുകയില്ലേ ?

ശ്രീ. ആർ. ശങ്കർ : സംസ്കൃതം പഠിക്കുന്നതിനു് മുമ്പിലത്തേപ്പോലെ ആളുകൾ ഇപ്പോൾ ആഗ്രഹം പ്രകടിപ്പിക്കുന്നില്ല. അതിനുള്ള മുഖ്യകാരണം, സംസ്കൃവിദ്യാഭ്യാസം കഴിഞ്ഞു വരുന്നവർക്കു് ജോലികിട്ടാനുള്ള വിഷമമാണെന്നു മനസ്സിലാക്കിയിട്ടുണ്ടു്. ഇപ്പോൾ സ്കൂളുകളിൽതന്നെ നാട്ടുഭാഷയ്ക്കു പകരം സംസ്കൃതം പഠിക്കുന്നതിനുള്ള ഏർപ്പാടുകൾ ഉണ്ടാക്കിയിട്ടുണ്ടു്. അറബി ഭാഷ പഠിക്കുന്നവർ വളരെ ഏറെ ഉണ്ടെന്നു പറയുന്നതു് ശരിയാണു്. അങ്ങനെ പഠിപ്പിക്കാൻ ആദ്ധ്യാപകരും വളരെയുണ്ടു്. മതപരമായ ഒരാവശ്യമാണെന്ന നിലയിൽ അതു വളരെപ്പേർ പഠിക്കുന്നുണ്ടു്. സംസ്കൃതത്തിനു അതുവളരെ മതപരമായ പ്രാധാന്യം ഉണ്ടെന്നു കരുതുന്നവർ ധാരാളം ഉണ്ടാവുകയില്ല; മുമ്പുണ്ടായിരുന്ന പ്രയാസങ്ങൾ നീങ്ങത്തക്കവണ്ണം മറ്റു് സ്കൂളുകളും കാളേജുകളും നടത്തുന്നതുപോലെതന്നെ സംസ്കൃതം പഠിപ്പിക്കുന്ന വിദ്യാലയങ്ങളും നടത്താൻ ഏർപ്പാടു് ചെയ്തിട്ടുണ്ടു്. അവയിൽനിന്നും പാസ്സായി വരുന്നവർക്കു് മറ്റുള്ളവരെപ്പോലെ പരിഗണന നൽകുന്നുണ്ടു്. അതുകൊണ്ടു് ഇനിമേൽ ഈ ബുദ്ധിമുട്ടു് ഉണ്ടാകുമെന്നു തോന്നുന്നില്ല.

ശ്രീ. ഈ. പി. ഗോപാലൻ : പട്ടാമ്പി സംസ്കൃത കാളേജിൽ പ്രീയൂണിവേഴ്സിറ്റി കോഴ്സു് തുടങ്ങുമെന്നു പ്രതീക്ഷിക്കാമോ ?

ശ്രീ. ആർ. ശങ്കർ : തുടങ്ങുന്നതിനെപ്പറ്റി ആലോചിക്കുകയാണു്.

ശ്രീ. ഈ. പി. ഗോപാലൻ : അവിടെയുള്ള സംസ്കൃത മിഡിൽസ്കൂൾ സെക്കൻഡറിസ്കൂളായി ഉയർത്തണമെന്നുള്ള കാര്യം ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ?

ശ്രീ. ആർ. ശങ്കർ : ഇങ്ങനെ കാളേജാക്കി ഉയർത്തുമ്പോൾ അതു് എപ്പോൾ ചെയ്യണമെന്നു് ആലോചിക്കുകയാണു്.

കേരളകലാമണ്ഡലം സ്റ്റാഫു്

* 703. [6] ശ്രീ. എം. നാരായണക്കുറുപ്പു് : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി ദയവു് മറുപടി നൽകുമോ :

(എ) കേരളകലാമണ്ഡലം സ്റ്റാഫിനു് 2-3-1963-ാം തീയതി ഗവണ്മെന്റു് നടപ്പാക്കിയ എം. എസ്സു്. 128-ാം നമ്പർ കൽപ്പനയുടെ അടിസ്ഥാനത്തിൽ പുതിയ ശമ്പള സ്കെയിലുകൾ നടപ്പിലാക്കീട്ടുണ്ടോ ;

(ബി) പുതിയ ശമ്പള നിരക്കനുസരിച്ചു് മുമ്പു് കിട്ടിവന്നിരുന്ന ശമ്പളത്തിൽ ആക്കെക്കിലും കുറവു വന്നിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര ;

(സി) ഇതു സംബന്ധമായി സ്റ്റാഫു് അസോസിയേഷനിൽനിന്നു 11-7-1963-ൽ യിലെ ഒരു മെമ്മോറാണ്ടം ഗവണ്മെന്റിനു ലഭിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ അതിലെ പ്രധാന ആവശ്യങ്ങൾ എന്തൊക്കെയാണു് ;

(ഈ) തുടർന്നു് എന്തു നടപടി എടുത്തു ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ):

(എ) ഉണ്ടു്.

(ബി) ഉണ്ടു്. ശമ്പളക്കുറവു് കാണിക്കുന്ന ഒരു † പട്ടിക മേശപ്പുറത്തു് വച്ചിട്ടുണ്ടു്.

(സി) ഉണ്ടു്.

† Placed in the Library

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ആവശ്യങ്ങൾ എന്തെല്ലാമാണെന്ന കാണിക്കുന്ന ഒരു പട്ടിക മേശപ്പുറത്തു വച്ചിട്ടുണ്ടു്.

(ഈ) ഇതു ഗവണ്മെൻറിന്റെ പരിഗണനയിലിരിക്കുകയാണു്.

ശ്രീ. എം. നാരായണക്കുറുപ്പു് : മേശപ്പുറത്തു വച്ചിട്ടുള്ള പട്ടികയിൽ നിന്നു് 5 മുതൽ 65 രൂപ വരെ കിട്ടിവന്നിരുന്ന ശമ്പളത്തിൽ കുറവു വന്നതായി കാണുന്നു. പുതിയ ശമ്പളസ്കെയിൽ കൊണ്ടു വന്നിരിക്കുന്നതു് ക്ലാർക്കന്മാരുടെ ശമ്പളസ്കെയിലാണു്. കുഞ്ഞുനായരെപ്പോലുള്ള വേഷക്കാരേയും നമ്പീശനെപ്പോലുള്ള പാട്ടുകാരേയും ക്ലാർക്കന്മാരുടെ നിലയിലേയ്ക്കു് തരംതാഴ്ത്തി നിറുത്തുന്ന കല്പന ഉണ്ടാകാൻ കാരണമെന്താണു്?

ശ്രീ. ആർ. ശങ്കർ : മുമ്പുണ്ടായിരുന്ന ശമ്പളം അന്നു് നിയമിക്കപ്പെട്ടിരുന്ന ഒരു കമ്മിറ്റി നിശ്ചയിച്ചിരുന്നതാണു്. ആ കമ്മിറ്റിക്കു് അങ്ങനെ ശമ്പളം പരിഷ്കരിക്കാനുള്ള അധികാരം നൽകിയിരുന്നില്ല. കമ്മിറ്റി കേവലം ഒരു അഡ്വൈസറി കമ്മിറ്റി ആയിരുന്നു അവർ അധികാരം സ്വയം കൈയിലെടുത്തു് ശമ്പളം വർദ്ധിപ്പിച്ചു. അതു് അംഗീകരിക്കണമെന്നു ഗവണ്മെൻറിനോടു് ആവശ്യപ്പെട്ടിട്ടു് ഗവണ്മെൻറു് ഒന്നിലധികം തവണ ആ അപേക്ഷയെ നിരസിച്ചു. ഒടുവിൽ ഒരവസാന തീരുമാനം ഉണ്ടാക്കണമെന്നു കരുതി ഗവണ്മെൻറു് സ്വീകരിച്ച നടപടികളുടെ ഫലമാണു് ഇപ്പോഴും കാണുന്ന സ്കെയിൽ. ഇടയ്ക്കു് അധികം കൊടുത്തിരുന്നതു് ഈടാക്കാതിരിക്കാൻ വല്ലതും ചെയ്യാമെന്നല്ലാതെ അതു പരിഷ്കരിക്കാൻ ബുദ്ധിമുട്ടുണ്ടു്. ഈ സംസ്ഥാനത്തിൽ വേറെയും അക്കാദമികൾ ഉണ്ടു്. അവിടെ ഒന്നോരണ്ടോ വിദഗ്ദ്ധന്മാർ ഉണ്ടായി എന്നുവരാവുന്നതാണു്. അവരെ ഉദ്ദേശിച്ചു് പൊതുവിൽ പുതിയസ്കെയിൽ നിശ്ചയിക്കുന്നതു പ്രയാസമാണു്. ഇതിടെ ഒരു മാന്യനു് കൊടുക്കാമെന്നു വാഗ്ദാനം ചെയ്തിരുന്ന ശമ്പളം ഈ ശമ്പളസ്കെയിലിൽ കിട്ടുകയില്ലെന്നുകണ്ടു് അദ്ദേഹത്തിനു് അതു കൊടുക്കാൻ ഏർപ്പാടുചെയ്തിട്ടുണ്ടു്. മറ്റുള്ളതിനെപ്പറ്റി ഗവണ്മെൻറു് ഇപ്പോഴും പരിഗണിച്ചുവരികയാണു്.

ശ്രീ. എം. നാരായണക്കുറുപ്പു് : ഗവണ്മെൻറുദ്യോഗസ്ഥന്മാരുടെ തോതാണു് ഏകദേശമായി സ്വീകരിച്ചുകാണുന്നതു്. അവരെ ഗവണ്മെൻറുദ്യോഗസ്ഥന്മാരുടെ സ്ഥാനത്തേക്കു് ഉയർത്തുകയോ താഴ്ത്തുകയോ ചെയ്യുകയാണെങ്കിൽ ഗവണ്മെൻറുദ്യോഗസ്ഥന്മാരുടെ എല്ലാ ആനുകൂല്യങ്ങളും കൊടുക്കാൻ ഗവണ്മെൻറിനു് എന്താണു വിരോധം? ഒരു കൊല്ലമായിട്ടും ഈ വക ആനുകൂല്യങ്ങളും നൽകുന്ന കാര്യത്തിൽ ഇപ്പോഴും പരിഗണനയിൽ ഇരിക്കുന്നു എന്നു പറയുന്നതിൽ എന്താണൗചിത്യം?

ശ്രീ. ആർ. ശങ്കർ: അതിൽ ഒരു ബുദ്ധിമുട്ടുണ്ടു്. ആ സ്റ്റാഫിനു് മുമ്പു് ശമ്പളസ്കെയിലും ടി. ഏ. യും. ഒന്നും പ്രത്യേകം ഉണ്ടായിരുന്നില്ല. എല്ലാം കൂടി കൺസോളിഡേറ്റു ചെയ്താണു നൽകിവന്നിരുന്നതു്. പിന്നെയൊരു പരിഷ്കാരം നടത്തി ശമ്പളം ഉയർത്തുകയാണു ചെയ്തതു്. അധികാരമില്ലാതെ അങ്ങനെ ചെയ്തതിന്റെ പ്രത്യാഘാതങ്ങളുടെ അടിസ്ഥാനത്തിലാണു് ഗവണ്മെൻറു് ഇങ്ങനെയൊരു തീരുമാനമെടുത്തതു്. ഇതു് ഗവണ്മെൻറു് സ്വീകരിച്ചിട്ടില്ല. അക്കാദമിക്കു് സ്വയംഭരണസ്ഥാപനംപോലെയുള്ള സ്റ്റാറ്റസ്സു് ആണുള്ളതു്.

ശ്രീ. ഈ. പി. ഗോപാലൻ: കലാമണ്ഡലത്തെ അക്കാദമി ആയി ഉയർത്തിയപ്പോഴും ഒരു കമ്മിറ്റി വച്ചിട്ടുണ്ടു്. ആ കമ്മിറ്റിയുടെ നിലയെന്താണു്? ഉപദേശകമ്മിറ്റിയാണോ?

ശ്രീ. ആർ. ശങ്കർ: ആ കമ്മിറ്റിക്കു് നേരത്തെ ഉണ്ടായിരുന്നതിനേക്കാൾ കൂടുതൽ അധികാരം ഉണ്ടു്.

ശ്രീ. ഈ. പി. ഗോപാലൻ : ആ കമ്മിറ്റി ഈ ശമ്പളക്കാര്യത്തിൽ പുതുതായി എന്തെങ്കിലും പ്രപ്പോസൽ ഗവണ്മെൻറിന്റെ മുമ്പിൽ വച്ചിട്ടുണ്ടോ?

† Placed in the Library

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. ശങ്കർ: എല്ലാ കമ്മിറ്റിയിലും ചെയ്യുന്നതു് ശമ്പളം കൂടുതൽ കൊടുക്കുന്നതിനു് ഗ്രാൻറു് കൂടുതൽ കൂടുതൽ ആവശ്യപ്പെടുകയാണു്. ഗ്രാൻറു് പരിമിതമായതുകൊണ്ടു് ഇഷ്ടമുള്ളതുപോലെ ശമ്പളം കൊടുക്കാൻ പ്രയാസമുണ്ടു്.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി : ഒരു ശമ്പള ഏകീകരണം നടപ്പിൽ വരുത്തുമ്പോഴും, അതു ബാധിക്കുന്ന വ്യക്തികളും എത്രയുണ്ടായിരുന്നാലും ചില വ്യക്തികൾക്കുമാത്രം ഗവണ്മെൻറു് കുറെ കൂടുതൽ ശമ്പളം കൊടുക്കുന്ന സമ്പ്രദായം ഇനിയെങ്കിലും നിറുത്തൽ ചെയ്യാൻ ആലോചിക്കുമോ?

ശ്രീ. ആർ. ശങ്കർ: അങ്ങനെയൊന്നും ഇതിൽ ചെയ്തിട്ടില്ല.

ശ്രീ. എം. നാരായണക്കുറുപ്പ്: ഇതിൽ ചില അസാമാന്യ നൈപുണ്യം ഉള്ളവരുണ്ടെന്നു മന്ത്രി സമ്മതിക്കുന്നു. മറ്റു അക്കാദമികളിൽ ഇതിൻെറ പ്രത്യാഘാതം ഉണ്ടാകും. അതുകൊണ്ടു് ഇവർക്കു് കൂടുതൽ എന്തെങ്കിലും അനുവദിക്കുന്നതു് ന്യായമാണോ എന്നുള്ള സംശയമാണു മന്ത്രി പ്രകടിപ്പിച്ചതു്. അങ്ങനെ പ്രത്യേക വൈദഗ്ദ്ധ്യമുള്ള ആളുകൾക്കു് അധികം നൽകുന്നതിനു് ഒരു നിയമതടസ്സവുമില്ല. ക്ലാസിഫിക്കേഷൻ ഭരണഘടന അംഗീകരിച്ചിട്ടുള്ള നിലയ്ക്കു ഇത്തരം ആളുകളുടെ കാര്യത്തിൽ വല്ല പ്രത്യേക പരിഗണന നൽകുമോ?

ശ്രീ. ആർ ശങ്കർ: ഇവർക്കു സ്വന്ത നിലയിൽ പോയി കാൺസർട്ടുകളിൽ പങ്കെടുക്കാൻ പരിമിതമായ അളവിൽ അനുവാദം കൊടുത്തിട്ടുണ്ടു്. അങ്ങനെ അവർക്കു കൂടുതൽ ആദായമെടുക്കാൻ സൗകര്യം ഉണ്ടു്.

ശ്രീ. ഇ. പി. ഗോപാലൻ: അക്കാദമിയായി ഉയർത്തിയശേഷം അവിടത്തെ പ്രസിദ്ധന്മാർക്കു ശമ്പളം കുറവാണു്. ഇതിനു ഗ്രാൻറു് കൂടുതൽ കൊടുക്കണമെന്നാണു് പറയുന്നതു്. കലാമണ്ഡലം അക്കാദമിയാക്കി ഉയർത്തിയതു് ചെലവു ചുരുക്കാനാണോ?

ശ്രീ. ആർ. ശങ്കർ: ചെലവു കഴിവുള്ളിടത്തോളം പരിമിതമായിരിക്കണമെന്നുള്ളതു് പൊതുനയമാണു്. അക്കാദമിയാക്കിയാൽ അവർ ചോദിക്കുന്ന പണം കൊടുത്തുക്കൊള്ളണമെന്നും ചെലവാക്കണമെന്നും ഇല്ല.

ശ്രീ. സി. അച്യുതമേനോൻ : ഗവണ്മെൻറു് ഇപ്പോഴും പറഞ്ഞതിൽ നിന്നും മനസ്സിലാക്കുന്നതു്, മറ്റു അക്കാദമികളിൽ കൊടുക്കുന്നതിനേക്കാൾ കൂടിയ ശമ്പളസ്കെയിൽ കൊടുക്കാൻ ബുദ്ധിമുട്ടുണ്ടെന്നാണു്. മറ്റു് അക്കാദമികളിൽ കൊടുക്കുന്ന ശമ്പളസ്കെയിൽ അവിടെ കൊടുക്കുന്നുണ്ടോ? ഇല്ലെന്നാണു് ഞാൻ മനസ്സിലാക്കുന്നതു്.

ശ്രീ. ആർ. ശങ്കർ: വിദഗ്ദ്ധന്മാരുടെയിടയിൽതന്നെ ഈ കലാകാരന്മാർ തമ്മിലുള്ള വ്യത്യാസത്തെപ്പറ്റി അഭിപ്രായവ്യത്യാസം ഉണ്ടു്. സംഗീതജ്ഞന്മാർ ഒരു ദിവസത്തെ കച്ചേരിക്കു് രണ്ടായിരവും മൂവായിരവും രൂപാ വാങ്ങുന്നുണ്ടെന്നറിയാം. ഒരു കഥകളിക്കാരനും അങ്ങനെയായിട്ടില്ല.

ശ്രീ. ഇ. പി. ഗോപാലൻ : സർ, സാധാരണ സംഗീതജ്ഞന്മാരുടെ കാര്യത്തിൽ പ്രത്യേകം പരിഗണന കൊടുക്കുന്നതു സംഗീതം പ്രോത്സാഹിപ്പിക്കണമെന്നുള്ളതുകൊണ്ടാണെന്നു പറഞ്ഞു. അതുപോലെ കഥകളിക്കൊട്ടു്, കഥകളിനാട്യം, കഥകളിപ്പാട്ടു് ഇങ്ങനെയുള്ള കാര്യങ്ങളും പ്രോത്സാഹിപ്പിക്കണം എന്നുദ്ദേശമുണ്ടെങ്കിൽ കഥകളിയുടെ പ്രത്യേക പരിതസ്ഥിതികളും പരിഗണിച്ചു അതിനു പ്രോൽസാഹനം കൊടുക്കുന്നതിനു ഒരു പ്രത്യേക സ്കെയിൽ ഉണ്ടാക്കുന്ന കാര്യം ഗവണ്മെൻറു പരിഗണിക്കുമോ ?

ശ്രീ. ആർ. ശങ്കർ : അവർക്കു ന്യായമായ പ്രോൽസാഹനം കൊടുക്കണമെന്നുള്ള കാര്യത്തിൽ ഗവണ്മെൻറിനു യാതൊരഭിപ്രായവ്യത്യാസവുമില്ല അതുകൊണ്ടു് അതിൽ യാതൊരു വിയോജിപ്പുമില്ല. ഈ സ്കെയിൽ നേരത്തേ അനുവദിച്ചതാണു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. എസ്. കൃഷ്ണപിള്ള : ഈ കഥകളിക്കാക്ക് പണ്ട് ഇരുനാഴി അരിയും മുന്നു പണവുമാണ് കൊടുത്തിരുന്നതു്. ആ കണക്കനുസരിച്ചാണ് അവക്ക് ശമ്പളം നിശ്ചയിച്ചിട്ടുള്ളതു് ഒരു കഥകളിനടനാകണമെങ്കിൽ 15-, 20-ം കൊല്ലം പരിശീലനം നേടണം. ഒരു ഡാക്ടറാകുകയാണെങ്കിൽ അയാൾക്ക് പ്രൈവറ്റ് പ്രാക്ടീസ് ആകാം. എന്നാൽ കഥകളി നടനാക്ക് അതു സാദ്ധ്യമല്ല. ഒരു ഡാക്ടക്ക് കുറഞ്ഞതു 250 രൂപാ ശമ്പളം അനുവദിച്ചിട്ടുണ്ട്. ആ സ്ഥിതിക്കു പതിനഞ്ചു കൊല്ലം പഠിച്ചു ഒരു നടനായ കഥകളിക്കാരനു ജീവിക്കണമെങ്കിൽ ശമ്പളം എങ്കിലും കൊടുക്കണം എന്ന കാര്യം ഗവണ്മെൻറു് ആലോചിക്കുമോ ?

(ഉത്തരമില്ല.)

കൊത്തുകു് നിർമ്മാർജ്ജനം.

704. [7] † ശ്രീമതി ഓ. ടി. ശാരദാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) ഏതെല്ലാം മുനിസിപ്പാലിറ്റികൾക്കു് കൊത്തുകു് നിർമ്മാർജ്ജനത്തിനു മരുന്നു തളിക്കുവാനും മറ്റും ഗവണ്മെൻറു ധനസഹായം നൽകുന്നുണ്ടു് ;

(ബി) കോഴിക്കോടു് കാർപ്പറേഷനു് ഇതുവരെ ഈ സംഗതിക്കു് ഗ്രാൻറു കൊടുത്തിട്ടുണ്ടോ ;

(സി) അവിടെ കൊത്തുകുകടി അസഹ്യമായി തീർന്നിട്ടുണ്ടെന്നുള്ളതിനെ പരിഗണിച്ചു. ഗണ്യമായ ഒരു തുക ഗ്രാൻറായി നൽകുവാൻ ഗവണ്മെൻറു ശ്രദ്ധിക്കുമോ ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

(എ) നിയമാനുസൃതം അപേക്ഷിക്കുന്ന എല്ലാ മുനിസിപ്പാലിറ്റികൾക്കും ധനസഹായം നൽകുന്നുണ്ടു്.

(ബി) 1960 ഏപ്രിലിനുശേഷം കൊടുത്തിട്ടില്ല.

(സി) 1960 ഏപ്രിലിനുശേഷം കോർപ്പറേഷൻ ഗ്രാൻറിനു അപേക്ഷിച്ചിട്ടില്ല. നിയമാനുസൃതം അപേക്ഷ സമർപ്പിക്കുമ്പോൾ അതേക്കുറിച്ചു പരിഗണിക്കുന്നതാണു്.

ശ്രീ. എം. നാരായണക്കുറുപ്പു് : നിയമാനുസൃതം അപേക്ഷിക്കുക എന്നു ബഹുമാനപ്പെട്ടമന്ത്രി പറഞ്ഞതു എങ്ങനെയാണെന്നു വ്യക്തമാക്കുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : ഗ്രാൻറിനു അപേക്ഷിക്കുവാനുള്ള റൂൾസ് ഉണ്ടു്. അതുകൊണ്ടാണു് നിയമാനുസൃതം എന്നു പറഞ്ഞതു്. എന്നാൽ കോഴിക്കോടുകാർപ്പറേഷനെ സംബന്ധിച്ചിടത്തോളം ഒരു അപേക്ഷയും വന്നിട്ടില്ല.

ശ്രീ. പി. സി. രാഘവൻ നായർ : സ്ഥിരമായ ഡ്രെയിനേജ് സ്കീം നടപ്പിലാകുന്നതുവരെ അഴുക്കുചോനലുകളും മറ്റും ഉണ്ടാക്കാൻ ഒരു പദ്ധതി നടപ്പിൽ വരുത്തിയിട്ടുണ്ടു് ; ചില മുനിസിപ്പാലിറ്റികളെസംബന്ധിച്ചിടത്തോളം ; അതുപോലെ കോഴിക്കോട്ടും ഈ അഴുക്കുചോനലുകളും മറ്റും ഉണ്ടാക്കാൻ അനുവാദം കൊടുക്കുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : അതിനെസംബന്ധിച്ചിടത്തോളം മിക്കവാറും എല്ലാ മുനിസിപ്പാലിറ്റികളും പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുകയാണു്. എന്നാൽ ഇവിടെ കോഴിക്കോടു കാർപ്പറേഷനു് ഇതുസംബന്ധിച്ചു് ഗ്രാൻറു കൊടുക്കുന്നതിനെപ്പറ്റിയാണു ചോദ്യം. അങ്ങനെയുള്ളകാര്യത്തിനു കോഴിക്കോടുകാർപ്പറേഷനിൽനിന്നും ഗ്രാൻറിനു അപേക്ഷ ലഭിച്ചിട്ടില്ല.

† Put by Shri M. Narayanan Kurup.

LIBRARY ARCHIVES Kerala Legislative Assembly